02 WT CLT
മാതൃഭൂമി
2026 ഒക്ടോബർ 09
വെള്ളിയാഴ്ച
www.mathrubhumi.com

നാട്ടുവർത്തമാനം

എൻ.ഐ.ടി. ശുപാർശ കൗൺസിൽ അംഗീകരിച്ചു

പാളയം മാർക്കറ്റ് കെട്ടിടം പൊളിക്കും

▶ മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണറുടെ രാജി ആവശ്യപ്പെട്ട് യു.ഡി.എഫ്. കൗൺസിൽ പാർട്ടി അംഗങ്ങൾ കോർപ്പറേഷനിൽ നടത്തിയ പ്രതിഷേധം

▶ പാളയം മാർക്കറ്റിന് സമീപത്തെ തിരക്കേറിയ റോഡ് (ഫയൽചിത്രം)

കോഴിക്കോട് ▸ പാളയം മാർക്കറ്റ് കെട്ടിടം പൊളിച്ചുമാറ്റാൻ കൗൺസിൽ തീരുമാനം. വിദഗ്ധപരിശോധനയിൽ കെട്ടിടം അൺഫിറ്റാണെന്നും നിയമാനുസൃതമായി ഘട്ടംഘട്ടമായി പൊളിക്കണമെന്നുമുള്ള എൻ.ഐ.ടി. ശുപാർശയാണ് മേയർ ഒ. സദാശിവന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അംഗീകരിച്ചത്.

യു.ഡി.എഫ്. എതിർത്തതോടെ വോട്ടിനിട്ടാണ് അജൻഡ പാസാക്കിയത്. എൽ.ഡി.എഫും ബി.ജെ.പി.യും അജൻഡയെ അനുകൂലിച്ചു. കെട്ടിടത്തിൽ അറ്റകുറ്റപ്പണി നടത്തുന്നത് ശുപാർശചെയ്യാനാവില്ലെന്നും കോംപ്ലക്സിലെ എല്ലാ കെട്ടിടങ്ങളും ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്നും എൻ.ഐ.ടി. ശുപാർശചെയ്തിട്ടുണ്ട്.

റിപ്പോർട്ടിൽ സംശയമുന്നയിച്ച് യു.ഡി.എഫ്. അംഗങ്ങൾ എതിർത്തു. എൻ.ഐ.ടി. പരിശോധിക്കുന്നുണ്ട്. അതിൽ റിപ്പോർട്ട് വന്ന മറ്റുള്ളവ യു.ഡി.എഫ്. സംശയിക്കുന്നുണ്ടോയെന്ന് മേയർ ചോദിച്ചു. അങ്ങനെയെങ്കിൽ റിപ്പോർട്ടുമായി ബന്ധപ്പെട്ട എല്ലാ അജൻഡയും വോട്ടിനിടണമെന്ന് ബി.ജെ.പി. അംഗങ്ങൾ പറഞ്ഞു. സ്റ്റേഡിയം കെട്ടിടത്തിൽ അറ്റകുറ്റപ്പണി നടത്തണമെന്ന അജൻഡയും കൗൺസിലിൽ വന്നിരുന്നു. പാളയത്ത് മാത്രമാണ് എതിർപ്പെന്ന് യു.ഡി.എഫ്. വ്യക്തമാക്കി.

ഗ്യാനേഷ് കുമാറിന്റെ രാജിക്കായി പ്രമേയം

ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് കോർപ്പറേഷൻ മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാർ രാജിവെക്കണമെന്നാവശ്യപ്പെട്ട് പ്രമേയം പാസാക്കി. ബി.ജെ.പി. എതിർത്തു. യു.ഡി.എഫിലെ എസ്.കെ. അബൂബക്കറാണ് അടിയന്തരപ്രമേയം കൊണ്ടുവന്നത്. രാജ്യത്തുടനീളം ലക്ഷക്കണക്കിന് ജനങ്ങളുടെ വോട്ടുവെട്ടിയ ഗ്യാനേഷ് കുമാർ രാജിവെക്കണമെന്നും മോദിസർക്കാരിനെ താഴെയിറക്കണമെന്നും യു.ഡി.എഫ്. അംഗങ്ങൾ പറഞ്ഞു.

ജനാധിപത്യം അപകടപ്പെടുത്തുന്ന നടപടിയാണെന്നും പ്രമേയം അവതരിപ്പിച്ച യു.ഡി.എഫ്. എസ്.ഐ.ആറിന്റെ ആനുകൂല്യം പറ്റിയവരാണെന്നും എൽ.ഡി.എഫ്. അംഗങ്ങൾ പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മിഷനിൽ ഭിന്നതയുണ്ടെന്ന് ഉൾപ്പെടെയുള്ള കാര്യങ്ങൾ മാധ്യമസൃഷ്ടിയാണെന്ന് ബി.ജെ.പി. കൗൺസിലർമാർ ആരോപിച്ചു. കക്ഷിരാഷ്ട്രീയമായി വിഷയത്തെ കാണേണ്ടെന്നും ഡൽഹിയിൽ ജനാധിപത്യസമരം നടത്തുന്നവരെ രാജ്യവിരുദ്ധശക്തികളായി മുദ്രകുത്തുകയാണെന്നും സമൂഹം ഏറ്റെടുക്കേണ്ടകാര്യമാണെന്നും മേയർ വ്യക്തമാക്കി. വി.പി. മനോജ്, കെ. രാജീവ്, സഫറി വെള്ളയിൽ, വി.പി. സലീം, നമ്പിടി നാരായണൻ, ടി. രനീഷ് തുടങ്ങിയവർ ചർച്ചയുടെ ഭാഗമായി.

ഡൽഹിയിൽ പ്രതിപക്ഷ എം.പി.മാർക്കെതിരെയുണ്ടായ നടപടിയിൽ പ്രതിഷേധിച്ച് കോൺഗ്രസ് കരിദിനം ആചരിക്കുന്നതിനാൽ കറുത്ത ബാഡ്ജ് അണിഞ്ഞാണ് കോൺഗ്രസ് കൗൺസിലർമാർ എത്തിയത്. ലീഗിൽനിന്നുള്ള ചിലരും ബാഡ്ജ് അണിഞ്ഞു. കൗൺസിൽ യോഗം കഴിഞ്ഞശേഷം കോർപ്പറേഷനിൽ യു.ഡി.എഫ്. അംഗങ്ങൾ പ്രകടനം നടത്തി.

രാഷ്ട്രീയപ്പോര്; പ്രമേയം പിൻവലിച്ചു

സാമൂഹികസുരക്ഷാപെൻഷൻ വീടുകളിൽ നേരിട്ട് വിതരണംചെയ്യുന്നതുമായി ബന്ധപ്പെട്ട് ടി.എസ്. ഷിംജിത്ത് അവതരിപ്പിച്ച പ്രമേയത്തിൽ രാഷ്ട്രീയപ്പോര്. കിടപ്പുരോഗികളായവർക്കുംപെടെ വീട്ടിൽ പെൻഷൻ കിട്ടുമെന്നിരിക്കെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന വാദമുന്നയിച്ചാണ് യു.ഡി.എഫ്. എതിർത്തത്. ചർച്ചകൾക്കൊടുവിൽ പ്രമേയം പിൻവലിച്ചു.

വെള്ളപ്പൊക്കമുണ്ടായി രണ്ടുമാസമായിട്ടും അടിയന്തര നഷ്ടപരിഹാരം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് പി. ബിജുലാൽ പ്രമേയം അവതരിപ്പിച്ചു. ബി.ജെ.പി. അനുകൂലിച്ചു. നഷ്ടപരിഹാരം നൽകിത്തുടങ്ങിയെന്നുകാട്ടി യു.ഡി.എഫ്. എതിർത്തു. വെള്ളിമാടുകുന്നിൽ എല്ലാ സൗകര്യവുമുള്ള ബസ് സ്റ്റാൻഡ് വേണമെന്ന് സ്വപ്നാ മനോജ് പ്രമേയം കൊണ്ടുവന്നു.

തെരുവുനായ ആക്രമണം: 27.83 ലക്ഷം നഷ്ടപരിഹാരം

തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റ 32 പേർക്ക് 27,82,500 രൂപ നഷ്ടപരിഹാരം നൽകാൻ തീരുമാനം. 2014 മുതൽ 2021 വരെയുള്ള 32 കേസുകളിൽ നഷ്ടപരിഹാരം നൽകാനാണ് ലീഗൽ സർവീസ് അതോറിറ്റി ഉത്തരവ്. 12,01,500 രൂപയാണ് കൂടിയ നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളത്. കുറവ് 5000 രൂപയും.

കോർപ്പറേഷൻ പരിധിയിൽ അല്ലാത്തവരും ഇതിലുണ്ട്. തെരുവുനായ സംരക്ഷണത്തിനുള്ള താത്പര്യപത്രത്തിന്റെ കരടിനും അംഗീകാരമായി.

വലിയങ്ങാടി ശൗചാലയം തുറക്കും

കെ.പി. കേശവമേനോൻ റോഡിൽ വലിയങ്ങാടിയോട് ചേർന്നുള്ള ശൗചാലയം തുറക്കാത്തത് എൻ. ശിവപ്രസാദ് ശ്രദ്ധക്ഷണിച്ചു.

വെള്ളത്തിന്റെ കണക്ഷൻ ലഭിക്കാത്തതാണ് പ്രശ്നമെന്നും വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സൂപ്രണ്ടിങ് എൻജിനിയർ കെ.എൻ. ബിജോയ് പറഞ്ഞു.

വി.പി. മനോജ്, എസ്.എം. തുഷാര, കെ.സി. ശോഭിത തുടങ്ങിയവർ ശ്രദ്ധക്ഷണിച്ചു.

അപേക്ഷിച്ച് അഞ്ചുവർഷമായിട്ടും ഗുണഭോക്താവിന് വീൽച്ചെയർ കിട്ടാത്തതിലെ പ്രശ്നം ടി.പി.എം. ജിഷാൻ പറഞ്ഞു.

സമന്വയ പദ്ധതിക്ക് അംഗീകാരമായാൽ മുൻഗണനപ്രകാരം ലഭിക്കുമെന്ന് ഡെപ്യൂട്ടി മേയർ ഡോ. എസ്. ജയശ്രീ പറഞ്ഞു.

കൗൺസിലർ ഫർസീന അറയ്ക്കൽ സത്യപ്രതിജ്ഞചെയ്തു

▶ സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റ കൗൺസിലർ ഫർസീന അറയ്ക്കലിന് മേയർ ഒ. സദാശിവൻ പൂച്ചെണ്ട് നൽകുന്നു. ഡെപ്യൂട്ടി മേയർ ഡോ. എസ്. ജയശ്രീ സമീപം

കോഴിക്കോട് ▸ കുറ്റിച്ചിറ കൗൺസിലർ ഫർസീന അറയ്ക്കൽ സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റു. മേയർ ഒ. സദാശിവൻ സത്യവാചകം ചൊല്ലിക്കൊടുത്തു. തുടർന്ന് മേയറും ഡെപ്യൂട്ടി മേയർ ഡോ. എസ്. ജയശ്രീയും പൂച്ചെണ്ടുനൽകി കൗൺസിലിലേക്ക് സ്വീകരിച്ചു.

കുറ്റിച്ചിറയിലെ കൗൺസിലറായിരുന്ന ഫാത്തിമ തഹിലിയ പേരാമ്പ്ര എം.എൽ.എ. ആയതോടെ അവിടെ ഉപതിരഞ്ഞെടുപ്പ് നടത്തുകയായിരുന്നു.

ഫാത്തിമ തഹിലിയ എം.എൽ.എ., കുറ്റിച്ചിറയിലെ മുൻ കൗൺസിലർ കെ. മൊയ്തീൻ കോയ തുടങ്ങിയവരെല്ലാം സത്യപ്രതിജ്ഞയ്ക്കെത്തി.

കേസരിഭവനിലെ നവരാത്രി സർഗോത്സവത്തിന് ഉപരാഷ്ട്രപതി എത്തും

കോഴിക്കോട് ▸ നവരാത്രിയോടനുബന്ധിച്ച് കേസരിഭവനിൽ 16-ന് നടക്കുന്ന നവരാത്രി സർഗോത്സവത്തിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ മുഖ്യാതിഥിയാകും. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, സി. സദാനന്ദൻ എം.പി., ചലച്ചിത്രതാരം വിവേക് ഗോപൻ, സ്വാമി ചിദാനന്ദപുരി എന്നിവർ പങ്കെടുക്കും. ഒൻപതിന് വൈകീട്ട് 5.30-ന് കൊല്ലൂർ മൂകാംബികക്ഷേത്രം മുഖ്യ അർച്ചകനായ സുബ്രഹ്മണ്യ അഡിഗകളുടെ കാർമികത്വത്തിൽ നടക്കുന്ന മഹാസാരസ്വതപൂജയോടെ ആഘോഷപരിപാടികൾക്ക് തുടക്കമാവും. പത്തുദിവസം നീണ്ടുനിൽക്കുന്ന പരിപാടിക്ക് 11-ന് വൈകീട്ട് 5.30-ന് കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ തിരിതെളിയിക്കുമെന്ന് സർഗോത്സവ സമിതി വർക്കിങ് പ്രസിഡന്റ് എ.കെ. പ്രശാന്ത് പത്രസമ്മേളനത്തിൽ പറഞ്ഞു.

16-ന് വൈകീട്ട് അഞ്ചിന് സാംസ്കാരികസമ്മേളനം ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനംചെയ്യും. ചിത്രകലാരംഗത്തെ സമഗ്രസംഭാവനകൾ മുൻനിർത്തി സർഗോത്സവസമിതി ഏർപ്പെടുത്തിയ പ്രഥമ സർഗകേസരി പുരസ്കാരം ആർട്ടിസ്റ്റ് പി.ആർ. രാജേന്ദ്രന് ഉപരാഷ്ട്രപതി സമ്മാനിക്കും. 21-ന് വിജയദശമിദിവസം രാവിലെ ഏഴുമുതൽ നടക്കുന്ന വിദ്യാരംഭത്തോടെ നവരാത്രി സർഗോത്സവത്തിന് തിരശ്ശീല വീഴും.

പത്രസമ്മേളനത്തിൽ കേസരി വാരിക മുഖ്യപത്രാധിപർ ഡോ. എൻ.ആർ. മധു, മാതംഗി കൾച്ചറൽ ആൻഡ് എജ്യുക്കേഷണൽ മാനേജിങ് ട്രസ്റ്റി ടി.വി. വേണുഗോപാലൻ, എ.കെ. അനുരാജ് എന്നിവർ പങ്കെടുത്തു.

കൗൺസിൽ പ്രമേയം കോടതിയലക്ഷ്യം -ബി.ജെ.പി.

കോഴിക്കോട് ▸ മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണറുടെ രാജിയാവശ്യപ്പെട്ടുള്ള പ്രമേയം പാസാക്കിയ കോർപ്പറേഷൻ കൗൺസിലിന്റെ നടപടി ഹൈക്കോടതി വിധിയുടെ നഗ്നമായ ലംഘനമാണെന്നും നിയമനടപടികളുമായി മുന്നോട്ടുപോകുമെന്നും ബി.ജെ.പി. സിറ്റി ജില്ലാ പ്രസിഡന്റ് കെ.പി. പ്രകാശ് ബാബു.

2023-ൽ അന്നത്തെ ബി.ജെ.പി. കോർപ്പറേഷൻ കൗൺസിൽ പാർട്ടി ലീഡറും നിലവിലെ കൗൺസിലറുമായ നവ്യാ ഹരിദാസ് നൽകിയ ഹർജിയിൽ കോർപ്പറേഷനിൽ കൊണ്ടുവരുന്ന പ്രമേയം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മുനിസിപ്പാലിറ്റി ചട്ടം അനുസരിച്ച്, കൗൺസിലിൽ കൊണ്ടുവരുന്ന പ്രമേയം കോർപ്പറേഷന്റെ ഭരണപരമായ അധികാരപരിധിയിൽ വരുന്നതായിരിക്കണമെന്നും ദേശീയവിഷയങ്ങൾ അതിൽ വരില്ലെന്നുമായിരുന്നു കോടതി വിധി. ഈ വിധിയുടെ ലംഘനമാണ് മുഖ്യതെരഞ്ഞെടുപ്പ് കമ്മിഷണർക്കെതിരേ കൊണ്ടുവന്ന പ്രമേയമെന്നും പ്രകാശ് ബാബു പറഞ്ഞു.

ശനിവാര ആഞ്ജനേയ വിളക്ക്പൂജയും ശനീശ്വരപീഠ ശാന്തിപൂജാ ജപ ഹോമവും

കോഴിക്കോട് ▸ തളി മഹാഗണപതി ബാലസുബ്രഹ്മണ്യ ക്ഷേത്രത്തിൽ പുരട്ടാശി (കന്നി) മാസത്തിലെ ശനിയാഴ്ചയായ 10 -ന് രാവിലെ 10.30 -ന് അതിവിശേഷമായ പുരട്ടാശി മാസ ശനിവാര ആഞ്ജനേയ വിളക്ക് പൂജയും ശനീശ്വരപീഠ ശാന്തി പൂജാ ജപഹോമവും നടക്കും.

പങ്കെടുക്കുവാൻ താത്പര്യമുള്ളവർ ക്ഷേത്രവുമായി ബന്ധപ്പെടണം. ഫോൺ: 9446503460

മലാപ്പറമ്പിൽ കാട്ടുപന്നി ആക്രമണം: വയോധികന് പരിക്കേറ്റു

▸ വെടിവെക്കാനുള്ള നടപടി പുരോഗമിക്കുന്നുവെന്ന് കൗൺസിലർ

കോഴിക്കോട് ▸ മലാപ്പറമ്പിൽ ബുധനാഴ്ച ഉച്ചയോടെയുണ്ടായ കാട്ടുപന്നി ആക്രമണത്തിൽ വയോധികന് പരിക്ക്. ലോട്ടറിക്കച്ചവടക്കാരനായ കുളങ്ങരക്കണ്ടി അനിൽകുമാറിനാണ് പരിക്കേറ്റത്. പാറോപ്പടി പാറോൽത്താഴം ഭഗവതിക്ഷേത്രത്തിനുസമീപത്തുവെച്ചാണ് കാട്ടുപന്നിയുടെ ആക്രമണമുണ്ടായത്. അനിൽകുമാർ ആശുപത്രിവിട്ടു.

▶ ദൃശ്യങ്ങൾക്കായി ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

പ്രദേശത്ത് ഒന്നിൽക്കൂടുതൽ കാട്ടുപന്നികളുണ്ടെന്നും ഹരിതകർമസേനാംഗത്തിനുനേരേയും ആക്രമണമുണ്ടായെന്നും കൗൺസിലർ ഹരീഷ് പൊറ്റങ്ങാടി പറഞ്ഞു. ഇവർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

വനംവകുപ്പുസംഘം വ്യാഴാഴ്ച സ്ഥലത്തെത്തി പരിശോധന നടത്തി. കാട്ടുപന്നിയെ വെടിവെക്കാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും വൈകാതെ ഉത്തരവുണ്ടാകുമെന്നും കൗൺസിലർ അറിയിച്ചു.

പരസ്യബോർഡുകൾ നീക്കിയില്ലെങ്കിൽ ഇനി പോലീസ് കേസ്

കോഴിക്കോട് ▸ പൊതുയിടങ്ങളിൽ സ്ഥാപിച്ച പരസ്യബോർഡുകൾ നിശ്ചിതസമയത്തിനകം നീക്കിയില്ലെങ്കിൽ ഇനി പോലീസ് കേസും. അപകടകരമായ രീതിയിൽ പരസ്യബോർഡുകൾ സ്ഥാപിച്ചവരുടെപേരിൽ ക്രിമിനൽ കേസ് പരിഗണിച്ച് നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്ഥാപന സെക്രട്ടറിമാർ, സ്റ്റേഷൻഹൗസ് ഓഫീസർമാരുമായി ബന്ധപ്പെടണം. ഇതുമായി ബന്ധപ്പെട്ട് ജില്ലാതല മോണിറ്ററിങ് കമ്മിറ്റി യോഗത്തിലാണ് തീരുമാനം.

ഹൈക്കോടതിയുടെനിർദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണിത്. പരസ്യബോർഡുകൾ നീക്കംചെയ്യാത്ത സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരിൽ എഫ്.ഐ.ആറിട്ട് കേസെടുക്കും. പാതയോരത്തു സ്ഥാപിച്ചിട്ടുള്ള അനധികൃത ബോർഡുകൾ, ഫ്ലെക്സ് എന്നിവ അടിയന്തരമായി എടുത്തുമാറ്റുന്നതിന് തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് നിർദേശം നൽകും. പഞ്ചായത്തുതലത്തിൽ സർവകക്ഷിയോഗം വിളിക്കും. പോലീസ് സഹായത്തോടെ ബോർഡുകൾ എടുത്തുമാറ്റുന്നതിന് ആവശ്യമെങ്കിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ നിർദേശംനൽകാൻ ജില്ലാപോലീസ് മേധാവിയെ അറിയിക്കും. അനധികൃതമായി ബോർഡുകൾ സ്ഥാപിക്കുന്നതിനെരേ ബോധവത്കരണം നടത്തും.

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ അധ്യക്ഷയായി. തദ്ദേശവകുപ്പ് ജോയിന്റ് ഡയറക്ടർ എൻ.കെ. ഹരീഷ്, ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധി ബി. ബിബിൻ, പൊതുമരാമത്തുവകുപ്പ് അസി. എൻജിനിയർ ആസിഫ് അഫ്സൽ എന്നിവർ സംസാരിച്ചു.

നിയമനം

പെരുമണ്ണ: പെരുമണ്ണ ഇ.എം.എസ്. ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡൻറ് നിയമനം നടത്തുന്നതിനുള്ള അഭിമുഖം 12-ന് രാവിലെ 10.30-ന്. ഫോൺ: 0495 2433844.

അമ്മത്തൊട്ടിലിൽ ഒരു പെൺകുഞ്ഞുകൂടി

കോഴിക്കോട് ▸ ബീച്ച് ആശുപത്രിക്ക് സമീപം സ്ഥാപിച്ച അമ്മത്തൊട്ടിലിൽ ഒരു പെൺകുഞ്ഞുകൂടിയെത്തി. ബുധനാഴ്ച വൈകീട്ട് 5.30-നാണ് ഏഴുദിവസം പ്രായവും 2.89 കിലോഗ്രാം തൂക്കവുമുള്ള പെൺകുഞ്ഞിനെ ലഭിച്ചത്.

കേരളം സംസ്ഥാനശിശുക്ഷേമസമിതിയുടെ സംരക്ഷണത്തിൽ പ്രവർത്തിക്കുന്ന അമ്മത്തൊട്ടിലുകളിൽ ലഭിക്കുന്ന 1003-ാമത്തെ കുഞ്ഞാണിത്. ലോക നേത്രദിനത്തിൽ അമ്മത്തൊട്ടിലിൽ എത്തിയ കുഞ്ഞിന് 'നേത്ര' എന്നുപേരിട്ടതായി സംസ്ഥാനശിശുക്ഷേമസമിതി ജനറൽ സെക്രട്ടറി ജി.എൽ. അരുൺഗോപി അറിയിച്ചു.

2025 ഓഗസ്റ്റ് 17-ന് ഉദ്ഘാടനം ചെയ്ത ബീച്ചാശുപത്രിയിലെ അമ്മത്തൊട്ടിലിൽ ലഭിക്കുന്ന 12-ാമത്തെ കുഞ്ഞും ഏഴാമത്തെ പെൺകുഞ്ഞുമാണ് നേത്ര. ഓഗസ്റ്റ് എട്ടിന് 'സഹസ്രിക' എന്ന പെൺകുഞ്ഞിനെ ലഭിച്ചിരുന്നു. കുഞ്ഞ് തൊട്ടിലിലെത്തിയ ഉടൻ തൊട്ടിലിനോട് ചേർന്നുള്ള ബീച്ച് ആശുപത്രി നഴ്സിങ് സ്റ്റേഷനിൽ അലാം മുഴങ്ങി. നിമിഷങ്ങൾക്കകം നഴ്സുമാർ ഓടിയെത്തി കുഞ്ഞിനെ ഏറ്റെടുത്ത് തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റി. ഡോക്ടർമാരുടെ പ്രാഥമിക പരിശോധനയിൽ കുഞ്ഞ് പൂർണ ആരോഗ്യവതിയാണ്.

കുഞ്ഞിന്റെ ആരോഗ്യസ്ഥിതി വിലയിരുത്താൻ കോഴിക്കോട് ജില്ലാ ശിശുക്ഷേമസമിതി സെക്രട്ടറി ശ്രീദേവ് പറമ്പിൽ ആശുപത്രിയിലെത്തി. നേത്രയുടെ ദത്തെടുക്കൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും കുഞ്ഞിന്റെ അവകാശികൾ ആരെങ്കിലുമുണ്ടെങ്കിൽ ഉടൻ സംസ്ഥാന ശിശുക്ഷേമസമിതി അധികൃതരുമായി ബന്ധപ്പെടണമെന്നും ജനറൽ സെക്രട്ടറി അറിയിച്ചു.

बैंक ऑफ़ बड़ौदा Bank of Baroda
കുന്ദമംഗലം ശാഖ, ഒന്നാം നില, ക്രൗൺ പ്ലാസ മർക്കസ് ബസ് സ്റ്റോപ്പ്, കുന്ദമംഗലം, കോഴിക്കോട്- 673571. Ph: 0495-2801511, E-mail: vjkunn@bankofbaroda.bank.in

സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ & റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 ലെ റൂൾ 6(2) & 8(6) ചേർത്തത് പ്രകാരവുമുള്ള സ്ഥാവരവസ്തുവഹകളുടെ ഇ-ലേലവിൽപ്പന അറിയിപ്പ്.

ശ്രീ. ഷാജി, കോട്ടേക്കൽ, കേടാവൂർ, ചമൽ, കോഴിക്കോട്, കേരളം- 673573 എന്നിവരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡ **കുന്ദമംഗലം** ശാഖയ്ക്ക് ലഭിക്കാനുള്ള 04.10.2026 വരെ ലഭിക്കാനുള്ള കുടിശ്ശിക തുകയായ **48,37,736.27 രൂപയും** (നാല്പത്തെട്ട് ലക്ഷത്തി മുപ്പത്തേഴായിരത്തി എഴുനൂറ്റി മുപ്പത്താറ് രൂപ ഇരുപത്തേഴ് പൈസ മാത്രം) പിന്നീടുള്ള പലിശയും മറ്റ് ചിലവുകളും ഈടാക്കുന്നതിലേക്കായി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ **03.03.2025** തീയതിയിൽ പ്രത്യക്ഷ കൈവശമേറ്റെടുത്തിട്ടുള്ള വസ്തു "As is where is", "As is what is", and "Whatever there is" എന്നതിന്റെ അടിസ്ഥാനത്തിൽ **18.11.2026** തീയതിയിൽ **ഉച്ചകഴിഞ്ഞ് 2 മണിക്കും വൈകീട്ട് 6 മണിക്കും ഇടയിൽ** വിൽപ്പന നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന വിവരം വായ്പക്കാരെ / പണയപ്പെടുത്തിയവരെ / ജാമ്യക്കാരെ / പൊതുജനങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

കരുതൽതുക **41,08,500/- രൂപ** (നാല്പത്തൊന്ന് ലക്ഷത്തി എട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) നിരതദ്രവ്യം **4,10,850/-** രൂപ (നാല് ലക്ഷത്തി പതിനായിരത്തി എണ്ണൂറ്റി അമ്പത് രൂപ മാത്രം) ആകുന്നു. **ബിഡ് ദീർഘിപ്പിക്കൽ തുക: 20,000/-** രൂപ (ഇരുപതിനായിരം രൂപ മാത്രം)

സ്ഥാവരവസ്തുവിന്റെ വിവരണം:
ശ്രീ. ഷാജി, S/o. കണ്ടൻ എന്നവരുടെ പേരിൽ കേരള സംസ്ഥാനം, കോഴിക്കോട് ജില്ല, ഈങ്ങാപ്പുഴ വില്ലേജ്, മലപുറം ദേശം, റി സർവ്വെ നമ്പർ 30/20, തണ്ടപ്പേർ എക്കൗണ്ട് 3356 പ്രകാരം റി സർവ്വെ നമ്പർ 30/20 (പഴയ സർവ്വെ നമ്പർ 22.72.86.87) ആയുള്ള 5.67 ആർസ് സ്ഥലവും, അതിലെ വീടും മറ്റ് കുഴിക്കൂർ അടക്കം സർവ്വവിധ അവകാശങ്ങളും. **ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള അതിരുകൾ: കിഴക്ക്:** കനാൽ, **വടക്ക്:** ഇബ്രാഹിമിന്റെ വസ്തു, **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ്, **തെക്ക്:** പഞ്ചായത്ത് റോഡ്

ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് **17.11.2026** തീയതിയിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 മണി വരെ വസ്തു പരിശോധിക്കാവുന്നതാണ്.

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്ക് ഓഫ് ബറോഡയുടെ **https://www.bankofbaroda.in/e-auction** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുകയോ, ഓൺലൈൻ പോർട്ടൽ **Baanknet.com.** സന്ദർശിക്കുകയോ ചെയ്യുക. കൂടാതെ അധികാരപ്പെടു ത്തിയ ഉദ്യോഗസ്ഥനെ ഫോൺ **0495-2801511,** മൊബൈൽ: **8714606417** എന്നിവയിലും ബന്ധപ്പെടാവുന്നതാണ്.

സ്ഥലം: കോഴിക്കോട് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,
തീയതി: 05.10.2026 | ബാങ്ക് ഓഫ് ബറോഡ

बैंक ऑफ़ बड़ौदा Bank of Baroda
പാലാഴി ശാഖ, കോലത്തായി കോംപ്ലക്സ്, പാലാഴി പാല, പി.ഒ ഗുരുവായൂരപ്പൻ കോളേജ് കോഴിക്കോട്- 673014. Ph: 0495-2434121. VJPAZH@bankofbaroda.bank.in

സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ & റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 ലെ റൂൾ 6(2) & 8(6) ചേർത്തത് പ്രകാരവുമുള്ള സ്ഥാവരവസ്തുവഹകളുടെ ഇ-ലേലവിൽപ്പന അറിയിപ്പ്.

(1) M/s. ബീ ഹോംസ് ഫ്ളോറിംഗ്സ് സൊല്യൂഷൻസ് (വായ്പക്കാർ), നം. 10937, ചാലിയേക്കര, നരിക്കുനി, കോഴിക്കോട്- 673585, **(2) ശ്രീ. ജാബിർ അറാഫത്ത് കെ.വി,** (വായ്പക്കാരൻ), S/o. ആരിഫ പി.ടി, പാർട്ണർ, M/s. ബീ ഹോംസ് ഫ്ളോറിംഗ്സ് സൊല്യൂഷൻസ്, നം. 10937, ചാലിയേക്കര, നരിക്കുനി, കോഴിക്കോട്- 673585, **(3) ശ്രീ. ജാബിർ അറാഫത്ത് കെ.വി,** (വായ്പക്കാരൻ), S/o. ആരിഫ പി.ടി, കളരിക്കൽ, മുകന്നിത്താഴം, 18/1476, കൊമ്മേരി പി.ഒ, കോഴിക്കോട്- 673007, **(4) ശ്രീ. ഹസ്ബീറുൽ അലി** (വായ്പക്കാരൻ), S/o. മുഹമ്മദ് അഷ്റഫ്, പാർട്ണർ, M/s. ബീ ഹോംസ് ഫ്ളോറിംഗ്സ് സൊല്യൂഷൻസ്, നം. 10937, ചാലിയേക്കര, നരിക്കുനി, കോഴിക്കോട്- 673585, **(5) ശ്രീ. ഹസ്ബീറുൽ അലി** (വായ്പക്കാരൻ), S/o. മുഹമ്മദ് അഷ്റഫ്, അസ്മിജ മൻസിൽ, നൂഞ്ഞിയിൽ പറമ്പ്, പാലാഴി പാല, ജി.എ കോളേജ് പി.ഒ, കോഴിക്കോട്- 673014, **(6) ശ്രീമതി ആരിഫ പി.ടി** (ജാമ്യക്കാരി), W/o. മൻസൂർ കെ.വി, കളരിക്കൽ, മുകന്നിത്താഴം, 18/1476, കൊമ്മേരി പി.ഒ, കോഴിക്കോട്- 673007 എന്നിവരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡ **പാലാഴി** ശാഖയ്ക്ക് 10.08.2025 വരെയുള്ള പലിശയുൾപ്പെടെ 10.12.2025 വരെ ലഭിക്കാനുള്ള കുടിശ്ശിക തുകയായ **17,11,663.97 രൂപയും** (പതിനേഴ് ലക്ഷത്തി പതിനൊന്നായിരത്തി അറുനൂറ്റി അറുപത്തി മൂന്ന് രൂപ തൊണ്ണൂറ്റേഴ് പൈസ മാത്രം) മറ്റ് ചിലവുകളും ഈടാക്കുന്നതിലേക്കായി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ പ്രത്യക്ഷ കൈവശമേറ്റെടുത്തിട്ടുള്ള വസ്തു "As is where is", "As is what is", and "Whatever there is" എന്നതിന്റെ അടിസ്ഥാനത്തിൽ **18.11.2026** തീയതിയിൽ **ഉച്ചകഴിഞ്ഞ് 2 മണിക്കും വൈകീട്ട് 6 മണിക്കും ഇടയിൽ** വിൽപ്പന നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന വിവരം വായ്പക്കാരെ / പണയപ്പെടുത്തിയവരെ / ജാമ്യക്കാരെ / പൊതുജനങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

കരുതൽതുക **12,64,000/- രൂപ** (പന്ത്രണ്ട് ലക്ഷത്തി അറുപത്തി നാലായിരം രൂപ മാത്രം) നിരതദ്രവ്യം **1,26,400/-** രൂപ (ഒരു ലക്ഷത്തി ഇരുപത്താറായിരത്തി നാനൂറ് രൂപ മാത്രം) ആകുന്നു. **ബിഡ് ദീർഘിപ്പിക്കൽ തുക: 20,000/-** രൂപ (ഇരുപതിനായിരം രൂപ മാത്രം)

സ്ഥാവരവസ്തുവിന്റെ വിവരണം:
ശ്രീമതി ആരിഫ പി.ടി എന്നവരുടെ പേരിൽ കോഴിക്കോട് ജില്ല, കോഴിക്കോട് താലൂക്ക്, വളയനാട് വില്ലേജ്, കൊമ്മേരി ദേശം, റി സർവ്വെ നമ്പർ 99/101 (തണ്ടപ്പേർ എക്കൗണ്ട് 7735 പ്രകാരം 99/3) ആയുള്ള 1.9142 ആർസ് സ്ഥലവും, അതിലിരിപ്പ് വീട്ട് നമ്പർ 30/714 ആയുള്ള വീടും ആയതിലേക്ക് വഴി ഉപയോഗിക്കാനും മറ്റുമുള്ള അവകാശാധികാരം ഉൾപ്പെടെ കുഴിക്കൂർ അടക്കം സർവ്വവിധ അവകാശങ്ങളും. **അതിരുകൾ: കിഴക്ക്:** മറ്റുള്ളവരുടെ വസ്തു, **തെക്ക്:** നടപ്പാത, **പടിഞ്ഞാറ്:** നടപ്പാത, **വടക്ക്:** വിറ്റ വസ്തു.

ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് **17.11.2026** തീയതിയിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 മണി വരെ വസ്തു പരിശോധിക്കാവുന്നതാണ്.

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്ക് ഓഫ് ബറോഡയുടെ **https://www.bankofbaroda.in/e-auction** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുകയോ, ഓൺലൈൻ പോർട്ടൽ **Baanknet.com.** സന്ദർശിക്കുകയോ ചെയ്യുക. കൂടാതെ അധികാരപ്പെടു ത്തിയ ഉദ്യോഗസ്ഥനെ ഫോൺ **0495-2434121,** മൊബൈൽ: **8714606420** എന്നിവയിലും ബന്ധപ്പെടാവുന്നതാണ്.

സ്ഥലം: കോഴിക്കോട് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,
തീയതി: 07.10.2026 | ബാങ്ക് ഓഫ് ബറോഡ

बैंक ऑफ़ बड़ौदा Bank of Baroda
രാമനാട്ടുകര ശാഖ, ആപ്പിൾ സ്ക്വയർ ബിൽഡിംഗ്, എൻ.എച്ച് ബൈപ്പാസ് റോഡ്, രാമനാട്ടുകര കോഴിക്കോട്- 673633. Ph: 0495 2441060 Email: ramcal@bankofbaroda.com

സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ & റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 ലെ റൂൾ 6(2) & 8(6) ചേർത്തത് പ്രകാരവുമുള്ള സ്ഥാവരവസ്തുവഹകളുടെ ഇ-ലേലവിൽപ്പന അറിയിപ്പ്.

ശ്രീ. കോരപ്പൻകണ്ടി സജിത്ത്, ശ്രീമതി രെഹന കെ.പി, ഇരുവരും താമസം: അമൃത തയ്യിൽ താഴം പി.ഒ, പൊക്കുന്ന്, മാങ്കാവ്, കോഴിക്കോട്- 673007 എന്നിവരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡ **രാമനാട്ടുകര** ശാഖയ്ക്ക് പലിശയുൾപ്പെടെ 04.10.2026 വരെ ലഭിക്കാനുള്ള കുടിശ്ശിക തുകയായ **30,11,971.38 രൂപയും** (മുപ്പത് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരത്തി എഴുപത്തൊന്ന് രൂപ മുപ്പത്തെട്ട് പൈസ മാത്രം) പിന്നീടുള്ള പലിശയും, മറ്റ് ചിലവുകളും ഈടാക്കുന്നതിലേക്കായി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ പ്രത്യക്ഷ **03.07.2026** ന് കൈവശമേറ്റെടുത്തിട്ടുള്ള വസ്തു "As is where is", "As is what is", and "Whatever there is" എന്നതിന്റെ അടിസ്ഥാനത്തിൽ **18.11.2026** തീയതിയിൽ **ഉച്ചകഴിഞ്ഞ് 2 മണിക്കും വൈകീട്ട് 6 മണിക്കും ഇടയിൽ** വിൽപ്പന നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന വിവരം വായ്പക്കാരെ / പണയപ്പെടുത്തിയവരെ / ജാമ്യക്കാരെ / പൊതുജനങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

കരുതൽതുക **28,99,800/- രൂപ** (ഇരുപത്തെട്ട് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ് രൂപ മാത്രം) നിരതദ്രവ്യം **2,89,980/- രൂപ**പ (രണ്ട് ലക്ഷത്തി എൺപത്തൊമ്പതിനായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) ആകുന്നു. **ബിഡ് ദീർഘിപ്പിക്കൽ തുക: 20,000/-** രൂപ (ഇരുപതിനായിരം രൂപ മാത്രം)

സ്ഥാവരവസ്തുവിന്റെ വിവരണം:
കോഴിക്കോട് ജില്ല, ചാലപ്പുറം സബ് ജില്ല, ചാലപ്പുറം സബ് രജിസ്ട്രാർ ഓഫീസ്, വളയനാട്, റി സർവ്വെ നമ്പർ 434/4 ആയുള്ള 2.90 സെന്റ് സ്ഥലവും, ആയതിലേക്ക് വഴി ഉപയോഗിക്കാനും മറ്റുമുള്ള അവകാശാധികാരം ഉൾപ്പെടെ കുഴിക്കൂർ അടക്കം സർവ്വവിധ അവകാശങ്ങളും. **അതിരുകൾ: വടക്ക്:** സ്വകാര്യ മൺ റോഡ്, **തെക്ക്:** പുഷ്പരാജൻ കൈവശം വസ്തു, **കിഴക്ക്:** സ്വകാര്യ മൺ റോഡ്, **പടിഞ്ഞാറ്:** ജാഷിയുടെ വസ്തു.

ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് **17.11.2026** തീയതിയിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 മണി വരെ വസ്തു പരിശോധിക്കാവുന്നതാണ്.

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്ക് ഓഫ് ബറോഡയുടെ **https://www.bankofbaroda.in/e-auction** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുകയോ, ഓൺലൈൻ പോർട്ടൽ **Baanknet.com.** സന്ദർശിക്കുകയോ ചെയ്യുക. കൂടാതെ അധികാരപ്പെടു ത്തിയ ഉദ്യോഗസ്ഥനെ ഫോൺ **0495-2441060,** മൊബൈൽ: **8714606422** എന്നിവയിലും ബന്ധപ്പെടാവുന്നതാണ്.

സ്ഥലം: കോഴിക്കോട് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,
തീയതി: 05.10.2026 | ബാങ്ക് ഓഫ് ബറോഡ

पंजाब नैशनल बैंक punjab national bank ...the name you can BANK upon!
അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്, ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9 (1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന നോട്ടീസ്.
താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയിട്ടുള്ളതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചു കൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ലോട്ട് നം.	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര്/ വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി
1	ശാഖ: ARMB കോഴിക്കോട് ശ്രീ. ജംനാസ് എം 427400NC00101277, 427400990000740 1) ശ്രീ. ജംനാസ് എം, തെക്കേത്തയിൽ ഹൗസ്, മോരിക്കര കോഴിക്കോട്- 673611 2) ശ്രീ. ജംനാസ് എം എരമല ഗ്രാമപഞ്ചായത്ത്, ഓർക്കാട്ടേരി, കോഴിക്കോട്- 673501 3) ശ്രീമതി. റുഖിയ അബൂബക്കർ W/o അബൂബക്കർ, തെക്കേതയിൽ എൻവി റോഡ്, മോരിക്കര, കോഴിക്കോട്- 673611	കോഴിക്കോട് ജില്ലയിൽ, കക്കോടി വില്ലേജിൽ, മക്കട അംശം, മോരിക്കര ദേശത്ത്, സർവ്വേ നം. 1/1, റീ.സർവ്വേ നം. 33ൽ പ്പെട്ട ശ്രീമതി. റുഖിയ അബൂബക്കർ പേരിലുള്ള 5.00 സെന്റ് (4.65 സെന്റ് +.0.35 സെന്റ്) സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ ഐറ്റം നം.1 (4.65 സെന്റ്): കിഴക്ക്:** നം.2 & ബാക്കി വസ്തു റോഡ്, **തെക്ക്:** റോഡ്; **പടിഞ്ഞാറ്:** ലെയിൻ; **വടക്ക്:** ബാക്കി വസ്തു & തെക്കേ തയ്യിൽ താഴം പറമ്പ്. **ഐറ്റം നം. 2 (0.35 സെന്റ്): കിഴക്ക്:** ബാക്കി വസ്തു, **തെക്ക്:** ഐറ്റം നം.1ലെ താക്ക് 2; **പടിഞ്ഞാറ്:** ഐറ്റം നം.1ലെ താക്ക്; **വടക്ക്:** തെക്കേ തയ്യിൽ പറമ്പ്. സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: ഇല്ല	(എ) 13(2) - 15.10.2024 (ബി) 31.08.2026 ലെ രൂപ 29,09,266.79 യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 16.01.2025 (ഡി) പ്രതീകാത്മക കൈവശം (എ) കരുതൽ വില: രൂപ 27.90 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 2.79 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം
2	ശാഖ: ARMB കോഴിക്കോട് 431900JB00000926 & 431900JB00000740 1) ശ്രീ. മോഹൻലാൽ പി.വി. പുത്തൻപറമ്പിൽ വീട്, പി.ഒ കോടഞ്ചേരി, കോഴിക്കോട്- 673580 (2) പി.വി. രഘുലാൽ S/o ശ്രീ. വാസു പുത്തൻപറമ്പിൽ വേളാങ്കോട്, കോഴിക്കോട്- 673580	കോടഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിലെ 26.05.1999ലെ 1351/1999 - ാം നമ്പർ അസൈൻമെന്റ് ആധാരപ്രകാരം കോഴിക്കോട് കോടഞ്ചേരിയിൽ വാർഡ് 2, റീ.സർവ്വേ നം.15/1ൽ പ്പെട്ട 165 സെന്റ് റബർ പ്ലാന്റേഷനും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** തോട്, **തെക്ക്:** തന്നിൽ ശേഷം; **പടിഞ്ഞാറ്:** കുര്യൻ & പോൻവക വസ്തു; **വടക്ക്:** സർക്കാരിലേക്ക് നിക്ഷിപ്തമായ വനം. സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: ഇല്ല	(എ) 13(2) - 22.05.2013 (ബി) 31.08.2026 ലെ രൂപ 1,04,84,433.53 യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 12.09.2013 (ഡി) പ്രതീകാത്മക കൈവശം (എ) കരുതൽ വില: രൂപ 12.00 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 1.20 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം
3	ശാഖ: ARMB കോഴിക്കോട് (1) ശ്രീ. പ്രസന്നൻ കെ. പ്രൊപ്രൈറ്റർ: M/s ധനലക്ഷ്മി ഫിഷിംഗ് യൂണിറ്റ് (വായ്പക്കാരൻ), കിണറ്റിങ്ങലകത്ത് ഹൗസ്, പുതിയാപ്പ, പുതിയങ്ങാടി പി.ഒ, എലത്തൂർ, കോഴിക്കോട്- 673021. (2) ശ്രീ. പ്രഭാഷ് (ജാമ്യക്കാരൻ), S/o പരേതനായ ഗോവിന്ദൻ, കിണറ്റിങ്ങലകത്ത് ഹൗസ്, നം. 14/A6, പുതിയാപ്പ, പുതിയങ്ങാടി പി.ഒ, എലത്തൂർ, കോഴിക്കോട്- 673021. (3) ശ്രീ. ബൈജു, S/o പരേതനായ ഗംഗാധരൻ (ജാമ്യക്കാരനായ പരേതനായ ഗംഗാധരന്റെ നിയമപരമായ അവകാശി), മേടപറമ്പത്ത് ഹൗസ്, പുതിയങ്ങാടി പോസ്റ്റ്, പുതിയാപ്പ, കോഴിക്കോട്- 673021. (4) ശ്രീ. ഷൈജു, S/o പരേതനായ ഗംഗാധരൻ, (ജാമ്യക്കാരനായ പരേതനായ ഗംഗാധരന്റെ നിയമപരമായ അവകാശി), മേടപറമ്പത്ത് ഹൗസ്, പുതിയങ്ങാടി പോസ്റ്റ്, പുതിയാപ്പ, കോഴിക്കോട്- 673021 (5) ശ്രീ. ജോഷി, S/o പരേതനായ ഗംഗാധരൻ (ജാമ്യക്കാരനായ പരേതനായ ഗംഗാധരന്റെ നിയമപരമായ അവകാശി), മേടപറമ്പത്ത് വീട്, പുതിയങ്ങാടി പോസ്റ്റ്, പുതിയാപ്പ, കോഴിക്കോട്- 673021 (6) പത്മിനി, W/o പരേതനായ ചന്ദ്രൻ, (ജാമ്യക്കാരൻ പരേതനായ ചന്ദ്രന്റെ നിയമപരമായ അവകാശി) (7) ഷൈമ, D/o പരേതനായ ചന്ദ്രൻ, (ജാമ്യക്കാരൻ പരേതനായ ചന്ദ്രന്റെ നിയമപരമായ അവകാശി), (8) ശ്രീജ, D/o പരേതനായ ചന്ദ്രൻ (ജാമ്യക്കാരൻ പരേതനായ ചന്ദ്രന്റെ നിയമപരമായ അവകാശി) (9) ചിത്ര, D/o പരേതനായ ചന്ദ്രൻ (ജാമ്യക്കാരൻ പരേതനായ ചന്ദ്രന്റെ നിയമപരമായ അവകാശി), (10) സ്മിത, D/o പരേതനായ ചന്ദ്രൻ (ജാമ്യക്കാരൻ പരേതനായ ചന്ദ്രന്റെ നിയമപരമായ അവകാശി), എല്ലാവരുടെയും വിലാസം: ഹൗസ് നമ്പർ.75/860, തയ്യിൽ താഴത്ത് ഹൗസ്, പുതിയങ്ങാടി, കോഴിക്കോട്- 673021.	**വസ്തു നം.1:** കോഴിക്കോട് ജില്ലയിൽ, എലത്തൂർ വില്ലേജിൽ, പുതിയങ്ങാടി ദേശത്ത്, സർവ്വേ നം.14/A6, റീ.സർവ്വേ 12/1 ൽ പ്പെട്ട ശ്രീ.പ്രഭാഷിന്റെ പേരിലുള്ള 6.42 സെന്റ് (2.5982 ആർസ്) സ്ഥലവും താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: താക്ക് -1: കിഴക്ക്:** അന്യ കൈവശം സ്ഥലം, **തെക്ക്:** അന്യ കൈവശം സ്ഥലം, **പടിഞ്ഞാറ്:** അന്യ കൈവശം സ്ഥലം, **വടക്ക്:** ഇതിലെ രണ്ടാം താക്കും രണ്ടാം നമ്പറും അന്യ കൈവശം സ്ഥലം. **താക്ക്- 2: കിഴക്ക്:** അന്യ കൈവശം സ്ഥലം, **തെക്ക്:** ഇതിലെ ഒന്നാം താക്ക്, **പടിഞ്ഞാറ്:** ഇതിലെ രണ്ടാം നമ്പർ, **വടക്ക്:** ഇടവഴി. **വസ്തു നം.2:** കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, പുതിയങ്ങാടി ദേശത്ത്, എലത്തൂർ അംശത്ത്, സർവ്വേ ചെയ്യാത്ത പരേതനായ ശ്രീ.ചന്ദ്രന്റെ പേരിലുള്ള 4.50 സെന്റ് സ്ഥലവും താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** ലക്ഷ്മികുട്ടി കൈവശം സ്ഥലം, **തെക്ക്:** വഴിസ്ഥലം, **പടിഞ്ഞാറ്:** രഘുനാഥൻ കൈവശം, **വടക്ക്:** മുകുന്ദനും ഹരിദാസനും കൈവശം സ്ഥലം. **വസ്തു നം.3:** കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, എലത്തൂർ വില്ലേജിൽ, പുതിയങ്ങാടി ദേശത്ത്, സർവ്വേ നം.11/4, റീ.സർവ്വേ നം.9/7 ൽ പ്പെട്ട പരേതനായ ഗംഗാധരന്റെ പേരിലുള്ള 7.75 സെന്റ് സ്ഥലവും താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** വഴി സ്ഥലം, **തെക്ക്:** തന്നിൽശേഷം സ്ഥലം, **പടിഞ്ഞാറ്:** അന്യകൈവശം, **വടക്ക്:** അന്യകൈവശം സ്ഥലം.	(എ) 13(2) - 07-02-2018 (ബി) 31.08.2026 ലെ രൂപ 99,44,722.31 യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 19-05-2018 (ഡി) പ്രതീകാത്മക കൈവശം വസ്തു 1: (എ) കരുതൽ വില: രൂപ 12.74 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 1.274 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം വസ്തു 2: (എ) കരുതൽ വില: രൂപ 8.10 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 0.81 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം വസ്തു 3: (എ) കരുതൽ വില: രൂപ 20.00 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 2.00 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: ഇല്ല
4	ശാഖ: ARMB കോഴിക്കോട് റംശാന്ത് കുന്നത്ത് ശ്രീ.റംശാന്ത് കുന്നത്ത് (വായ്പക്കാരൻ) ശ്രീ.രാജൻ കുന്നത്ത് (സഹ വായ്പക്കാരൻ) ഇരുവരും താമസം: കുന്നത്ത് ഹൗസ്, തറപ്പൊയിൽ, ആയഞ്ചേരി, വടകര- 673544	കോഴിക്കോട് ജില്ലയിൽ, വടകര താലൂക്കിൽ, ആയഞ്ചേരി വില്ലേജിൽ, ആയഞ്ചേരി ദേശത്ത്, ആയഞ്ചേരി അംശത്ത്, റീ.സർവ്വേ നം. 236/10 ൽ പ്പെട്ട ശ്രീ.കുന്നത്ത് രാജന്റെ പേരിലുള്ള 13.98 സെന്റ് (5.66 ആർസ്) സ്ഥലവും താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** തന്നിൽ ശേഷം പറമ്പ്, **വടക്ക്:** പറമ്പത്ത് പറമ്പ് **പടിഞ്ഞാറ്:** നെല്ലോളി പറമ്പ്, **തെക്ക്:** തന്നിൽ ശേഷം പറമ്പ്. സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: ഇല്ല	(എ) 13(2) - 16-06-2021 (ബി) 31.08.2026 ലെ രൂപ 49,24,855.22 യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 27-05-2022 (പ്രതീകാത്മകം) (ഡി) 17-10-2024 (പ്രത്യക്ഷ കൈവശം) (എ) കരുതൽ വില: രൂപ 32.40 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 3.240 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം
5	ശാഖ: ARMB കോഴിക്കോട് 433600NC03003256 ശ്രീ. റിയാസ് പുതുശ്ശേരി S/o അമ്മദ്, ശ്രീമതി ബീവി, W/o അസൈനാർ, ഇരുവരുടെയും വിലാസം: മലപ്പടി, കീഴ്പ്പയ്യൂർ, മേപ്പയ്യൂർ, കോഴിക്കോട്- 673524	കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്ക്, കീഴ്പയ്യൂർ ദേശം, മേപ്പയ്യൂർ വില്ലേജ് ശ്രീ. റിയാസ് പുതുശ്ശേരിയുടെ പേരിലുള്ള പഴയ സർവേ നം. 22/4, റീ സർവേ നം. 73/10 (തണ്ടപ്പേർ പ്രകാരം) റീ സർവേ നം. 73/40 (കൈവശ സർട്ടിഫിക്കറ്റ് പ്രകാരം) ൽ പെട്ട 3.943 ആർസ് + പഴയ സർവേ നം. 22/4, റീ സർവേ നം. 73/10 (തണ്ടപ്പേർ പ്രകാരം) റീ സർവേ നം. 73/42 (കൈവശ സർട്ടിഫിക്കറ്റ് പ്രകാരം) ൽപ്പെട്ട 0.465 ആർസ് + പഴയ സർവേ നം. 22/4, റീ സർവേ നം. 73/10 (തണ്ടപ്പേർ പ്രകാരം) റീ സർവേ നം. 73/41 (കൈവശ സർട്ടിഫിക്കറ്റ് പ്രകാരം) ൽപ്പെട്ട 1.31 ആർസ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: 3.943 ആർസ്: കിഴക്ക്:** പഞ്ചായത്ത് റോഡ്; **തെക്ക്:** തന്നിൽശേഷം എന്റെ കൈവശം സ്ഥലം, **പടിഞ്ഞാറ്:** തന്നിൽ ശേഷം തീറാധാരത്തിലെ രണ്ടാം താക്കായ എന്റെ കൈവശം സ്ഥലം; **വടക്ക്:** മലപ്പാടി മുഹമ്മദ് കൈവശം സ്ഥലം; **0.465 ആർസ്: കിഴക്ക്:** നിങ്ങളുടെ കൈവശം സ്ഥലം; **വടക്ക്:** ഭാഗ കരാറിലെ മൂന്നാം നമ്പർ സ്ഥലം; **പടിഞ്ഞാറ്:** ഇതിലെ രണ്ടാം നമ്പർ; **തെക്ക്:** ഇതിലെ രണ്ടാം നമ്പർ. **1.31 ആർസ്: കിഴക്ക്:** നിങ്ങളുടെ കൈവശം സ്ഥലവും ഇതിലെ ഒന്നാം നമ്പറും; **തെക്ക്:** തന്നിൽ ശേഷം, **പടിഞ്ഞാറ്:** തന്നിൽ ശേഷം; **വടക്ക്:** ഇതിലെ ഒന്നാം നമ്പറും ഭാഗ കരാറിലെ മൂന്നാം നമ്പറും. **ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം അതിരുകൾ: കിഴക്ക്:** റോഡ്; **തെക്ക്:** നജ്മ കൈവശം, **പടിഞ്ഞാറ്:** ബീവി മുതൽപേർ കൈവശം; **വടക്ക്:** മുഹമ്മദ് മാലപ്പാടി കൈവശം.	(എ) 13(2) - 25-06-2024 (ബി) 31.08.2026 ലെ രൂപ 56,57,528.02 യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 24-10-2024 (ഡി) പ്രത്യക്ഷ കൈവശം (04-12-2025) (എ) കരുതൽ വില: രൂപ 44.10 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 4.41 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: ഇല്ല
6	ശാഖ: ARMB കോഴിക്കോട് സുനിൽകുമാർ വി എൻ കെ ശ്രീ. സുനിൽകുമാർ വി എൻ കെ, വണ്ണാരത്ത് ഹൗസ്, പുറമേരി പി.ഒ, കക്കട്ടിൽ വഴി, വടകര, കോഴിക്കോട് - 673503, ശ്രീമതി. രാധ ഒ. പി, M/o സുനിൽകുമാർ വി എൻ കെ, വണ്ണാരത്ത് ഹൗസ്, പുറമേരി പി.ഒ, കക്കട്ടിൽ വഴി, വടകര, കോഴിക്കോട് - 673503, സിന്ധു വി എൻ കെ, കുളങ്ങരത്ത് ഹൗസ്, വി.ഒ. റോഡ്, വടകര, കോഴിക്കോട്- 673101, ശ്രീമതി. സുചിത്ര വി എൻ കെ, W/o ശ്രീ. സുരേഷ്കുമാർ.ടി, തറമ്മൽ ഹൗസ് തിനൂർ പി.ഒ, കക്കട്ടിൽ (വഴി), വടകര, കോഴിക്കോട്- 673507, ശ്രീ. സുരേഷ്കുമാർ.ടി, തറമ്മൽ ഹൗസ് തിനൂർ പി.ഒ, കക്കട്ടിൽ (വഴി), വടകര, കോഴിക്കോട്- 673507	കോഴിക്കോട് ജില്ലയിൽ, വടകര താലൂക്കിൽ, പുറമേരി വില്ലേജിൽ, പുറമേരി അംശം & ദേശത്ത് റീ. സർവ്വേ നം. 7/19ൽ പ്പെട്ട ശ്രീ. സുനിൽകുമാർ വി.എൻ.കെ, ശ്രീമതി. രാധ ഒ.പി, സുചിത്ര വി.എൻ.കെ. & ശ്രീമതി. സിന്ധു വി.എൻ.കെ. എന്നിവരുടെ പേരിലുള്ള 10.75 സെന്റ് (4.353 ആർസ്) സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** തന്നിൽ ശേഷം ഭാഗകരാറിലെ ജി പട്ടികയിലെ 3 താക്ക്, **തെക്ക്:** തന്നിൽ ശേഷം എ പട്ടികയിലെ സ്ഥലം, **പടിഞ്ഞാറ്:** കിഴക്കെ തോട്ടോളി പറമ്പ്, **വടക്ക്:** തന്നിൽ ശേഷം ഭാഗകരാറിലെ ഡി പട്ടികയിലെ സ്ഥലം. സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: ഇല്ല	(എ) 13(2) - 07-05-2024 (ബി) 31.08.2026 ലെ രൂപ 34,09,851.40 യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 26.09.2024 (ഡി) പ്രതീകാത്മക കൈവശം (എ) കരുതൽ വില: രൂപ 22.10 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 2.21 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം

ഇ-ലേല തീയതിയും സമയവും: 27-10-2026ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ
നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 26-10-2026
വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി : 23-10-2026

ഇ-ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപ്പന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപ്പന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ-ലേല വിൽപ്പന ഓൺലൈൻ മുഖാന്തിരം **27-10-2026 രാവിലെ 11.00 മണിക്കും വൈകിട്ട് 05.00 മണിക്കും** ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & www.pnb.bank.in** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 08-10-2026, സ്ഥലം: കോഴിക്കോട് | (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂർഡ് ക്രെഡിറ്റർ

© 2026 All Rights Reserved. Powered by *Summit (http://www.summitindia.com)*